

# MSM COLLEGE

Kayamkulam, Alappuzha

**ACCREDITED BY NAAC WITH 'B' GRADE**
**KAYAMKULAM-690502**
**KERALA STATE- SOUTH INDIA**
(A Minority Community Educational Institution)
Affiliated to the University of Kerala
Web site: www.msmcollege.in,
E-mail: msmcollege@rediffmail.com
Fax: 0479-2445594, Tel. No: 0479-2442111

**2ND CYCLE**
**NAAC ACCREDITATION 2024**

CRITERION V
Student Support and Progrssion

# 5.4 Alumni Engagement

## 5.4.1 - Registered Alumni Association

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

# സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതു സംബന്ധിച്ച സർട്ടിഫിക്കറ്റ്

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചിസാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട്

ക്രമ നമ്പർ ALP/TC/293/2023 വർഷം 2023

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചിസാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് M. S. M. College Poorva Vidyarthi Sangadana

ഇന്നേ ദിവസം രജിസ്റ്റർ ചെയ്തതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

2023 വർഷം 6 മാസം 30 ാം തീയതിയായ ഇന്ന് ഞാൻ കൈയൊപ്പു വച്ചു നൽകിയിരിക്കുന്നു

സംഘം രജിസ്ട്രാർ

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

പ്രേഷകൻ,

സെക്രട്ടറി
എം. എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന
എം.എസ്. എം കോളേജ്, കായംകുളം.
ആലപ്പുഴ. പിൻ- 690502.

സ്വീകർത്താവ്

രജിസ്ട്രാർ ഓഫ് സൊസൈറ്റീസ്
ജില്ലാരജിസ്ട്രാർ (ജനറൽ)ഓഫീസ്
ആലപ്പുഴ.

സർ,

ഞങ്ങൾ എം. എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന എന്ന പേരിൽ രൂപീകരിച്ചിട്ടുള്ള സംഘത്തിന്റെ ജനറൽബോഡി 14.06.2023 തീയതി കായംകുളം എം. എസ്. എം കോളേജിൽ വെച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയിട്ടുള്ളതാണ്. പ്രസ്തുത യോഗത്തിൽ സംഘടന രജിസ്റ്റർ ചെയ്യാൻ തീരുമാനിക്കുകയും ആയതിനായി തയ്യാറാക്കിയ മെമ്മൊറാണ്ടം ഓഫ് അസോസിയേഷൻ, നിയമാവലി എന്നിവ അംഗീകരിക്കുകയും ചെയ്തു. ആയവ ഇതൊടൊപ്പം സമർപ്പിക്കുന്നു.

ഈ പേരിൽ മറ്റൊരു സംഘടന ഇതിന്റെ പ്രവർത്തന പരിധിയിൽ ഇല്ലായെന്നുകൂടി ബോധിപ്പിക്കുന്നു.

ആയതിനാൽ ഈ സംഘം 1955 ലെ 12-ാമത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് തരുന്നതിനായി അനുബന്ധരേഖകൾ സഹിതം സമർപ്പിച്ച് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Divya

ഡോ. ദിവ്യ വി
സെക്രട്ടറി
എം.എസ്. എം കോളേജ്
പൂർവ്വ വിദ്യാർത്ഥി സംഘടന
എം.എസ്. എം കോളേജ്, കായംകുളം.
ആലപ്പുഴ. പിൻ- 690502.

കായംകുളം
23.06.2023

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

भारतीय गैर न्यायिक
भारत INDIA
रु. 500 FIVE HUNDRED RUPEES
पाँच सौ रुपये Rs. 500
INDIA NON JUDICIAL

കേരളം केरल KERALA G 445112

## മെമ്മൊറാണ്ടം ഓഫ് അസോസിയേഷൻ

| | | |
|---|---|---|
| സംഘത്തിന്റെ പേര് | : | എം.എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന. |
| ഓഫീസ് | : | എം. എസ്.എം കോളേജ്, കായംകുളം, ആലപ്പുഴ. പിൻ-690502 |
| പ്രവർത്തനപരിധി | : | കേരളം. |

### ലക്ഷ്യങ്ങൾ

- അംഗങ്ങൾക്ക് അവരുടെ പൂർവ്വ വിദ്യാലയമായ എം. എസ്. എം കോളേജുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക.
- അംഗങ്ങൾക്ക് പരസ്പരസൗഹൃദം പുതുക്കുന്നതിനുള്ള ഒരു വേദിയായി പ്രവർത്തിക്കുക.

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. വൈ |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

No. 6110 Rs 500/-
Date 22/06/2023

ദിവ്യ വി
മകൾ
വെസ്റ്റ് ഫോർട്ട്
മാവേലിക്കര

14 JUN 2023
മാവേലിക്കര ആക്ടിംഗ് വെണ്ടർ
ജയലക്ഷ്മി. എസ്

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

- സാമ്പത്തിക പിന്നാക്ക അവസ്ഥയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക.
- വിദ്യാഭ്യാസ- വിദ്യാഭ്യാസേതര പുരോഗമന പ്രവർത്തനങ്ങളിൽ കോളേജിന്റെ പ്രവർത്തനങ്ങളെ മാറി വരുന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിൽ പങ്കാളികളാകുക.
- സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ളതും സഹായം വേണ്ടുന്നതുമായ അംഗങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ സാമ്പത്തിക - സാമ്പത്തികേതര സഹായം നൽകുക.
- റാങ്ക് ഹോൾഡേഴ്സ്, വിവിധ മേഖലകളിലെ പ്രതിഭകൾ എന്നിവരെ ആദരിക്കുക.
- കലാലയത്തിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

താഴെ പേരെഴുതി ഒപ്പിട്ടിട്ടുള്ള ഞങ്ങൾ 14.06.2023 ൽ കൂടിയ പൊതുയോഗത്തിൽ വെച്ച് ഈ സംഘടന 1955 ലെ 12-ാ മത് തിരുകൊച്ചി- സാഹിത്യ- ശാസ്ത്രീയ ധർമ്മ സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രർ ചെയ്യുവാൻ തീരുമാനിച്ചു. ടി സംഘം രജിസ്ട്രർ ചെയ്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. വൈ |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

| ആദ്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ | | | | |
|---|---|---|---|---|
| ക്രമ. നം | പേരും മേൽവിലാസവും | തൊഴിൽ | സ്ഥാനം | ഒപ്പ് |
| 1. | ജയന്തകുമാർ.എ<br>അമൃതേശ്വരി<br>പ്രയാർ നോർത്ത്<br>പുതുപ്പള്ളി (പാർട്ട്)<br>ആലപ്പുഴ, കേരളം-690547 | ബിസിനസ്സ് | പ്രസിഡന്റ് | |
| 2. | ഡോ. ദിവ്യ.വി<br>മന്ദാരം<br>വെസ്റ്റ് ഫോർട്ട്<br>മാവേലിക്കര<br>ആലപ്പുഴ, കേരളം-690101 | അധ്യാപിക | സെക്രട്ടറി | |
| 3. | ഡോ.ആമിന. എസ്<br>സലിം മൻസിൽ<br>ക്രസന്റ് നഗർ,വടക്കേവിള<br>കൊല്ലം- 10, കേരളം | റിട്ട.പ്രിൻസിപ്പാൾ | വൈസ് പ്രസിഡന്റ് | |
| 4. | ശ്രീജി. ജെ<br>വേലിയിൽ ഹൗസ്<br>വവ്വാക്കാവ്. പി.ഒ<br>കരുനാഗപ്പള്ളി<br>കുലശേഖര പുരം<br>ക്ലാപ്പന,കൊല്ലം<br>കേരളം - 690528 | ബിസിനസ്സ് | വൈസ്. പ്രസിഡന്റ് | |
| 5. | എ. നസീർ<br>തഴയശ്ശേരിൽ തറയിൽ<br>ചിറക്കടവം,.<br>കായംകുളം.പി.ഒ,<br>ആലപ്പുഴ - 690502 | ബിസിനസ്സ് | ജോയിന്റ് സെക്രട്ടറി | |
| 6. | രാജേഷ് കമ്മത്ത്<br>കണ്ടത്തിൽ പറമ്പ്<br>എസ്. വി വാർഡ്<br>കായംകുളം.പി.ഒ<br>കായംകുളം, ആലപ്പുഴ<br>പിൻ- 690502 | അധ്യാപകൻ | ജോയിന്റ് സെക്രട്ടറി | |

ജയന്തകുമാർ. എ
പ്രസിഡന്റ്

ഡോ. ദിവ്യ. വി
സെക്രട്ടറി

രഞ്ജിത്ത്കുമാർ. വൈ
ട്രഷറർ

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

| ക്രമ. നം | പേരും മേൽവിലാസവും | തൊഴിൽ | സ്ഥാനം | ഒപ്പ് |
|---|---|---|---|---|
| 7 | നിഷാദ്. റ്റി<br>പുളിമൂട്ടിൽ തെക്കതിൽ<br>നിയർ ഫയർ സ്റ്റേഷൻ<br>കായംകുളം, ആലപ്പുഴ<br>പിൻ- 690502 | അദ്ധ്യാപകൻ | ജോയിന്റ് സെക്രട്ടറി | |
| 8. | രഞ്ജിത്ത് കുമാർ. വൈ<br>പെരുമേത്ത്,<br>പത്തിയൂർ വെസ്റ്റ്<br>കരീലകുളങ്ങര. പി.ഒ<br>ആലപ്പുഴ- 690572 | അദ്ധ്യാപകൻ | ട്രഷറർ | |
| 9. | എം ഷെരീഫ്<br>കല്ലുംമൂട്ടിൽ ഹൗസ്<br>കല്ലുംമൂട്, കായംകുളം. | റിട്ട. ഗവ.ജീവനം | എക്സിക്യൂട്ടീവ് അംഗം | |
| 10 | Dr.P.R.ഉണ്ണികൃഷ്ണപിള്ള<br>പല്ലേത്തുവീട്<br>കണ്ടല്ലൂർ നോർത്ത്,<br>പട്ടോളി മാർക്കറ്റ്,<br>ആലപ്പുഴ - 690531 | റിട്ട.പ്രിൻസിപ്പാൾ | എക്സിക്യൂട്ടീവ് അംഗം | |
| 11. | ബിജു ജോസഫ്<br>താശിയിൽ അമൽവില്ല<br>ചിറക്കടവം<br>കായംകുളം. പി.ഒ<br>കീരിക്കാട് പാർട്ട്<br>ആലപ്പുഴ- 690502 | ബിസിനസ്സ് | എക്സിക്യൂട്ടീവ് അംഗം | |
| 12. | നവാസ്. എച്ച്<br>പുളിമൂട്ടിൽ<br>ബാസാർ റോഡ്<br>കായംകുളം. പി.ഒ<br>കീരിക്കാട് പാർട്ട്<br>ആലപ്പുഴ- 690502 | ബിസിനസ്സ് | എക്സിക്യൂട്ടീവ് അംഗം | |

ജയന്തകുമാർ. എ
പ്രസിഡന്റ്

ഡോ. ദിവ്യ. വി
സെക്രട്ടറി

രഞ്ജിത്ത്കുമാർ. വൈ
ട്രഷറർ

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

# നിയമാവലി

**പേര്** : എം. എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന എന്നായിരിക്കും സംഘടനയുടെ പേര്.

**ഓഫീസ്**: സംഘടനയുടെ ഓഫീസ് കായംകുളം എം. എസ്. എം കോളേജിൽ ആയിരിക്കും.

**പ്രവർത്തനപരിധി** : കേരളം.

**നിർവ്വചനങ്ങൾ**

a). പൂർവ്വ വിദ്യാർത്ഥികൾ : കായംകുളം എം. എസ്. എം കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ

b). സംഘടന : എം. എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന.

c). എക്സിക്യൂട്ടീവ് കമ്മിറ്റി : തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി.

d). കോളേജ് : മിലാദ്- ഇ- ഷെരീഫ് മെമ്മോറിയൽ കോളേജ്, കായംകുളം.

e). ആക്റ്റ് : 12-ാമത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് 1955.

f). അംഗത്വം : സംഘടനയുടെ അംഗത്വമോ ആജീവനനാന്ത അംഗത്വമുള്ള പൂർവ്വവിദ്യാർത്ഥി.

**ലക്ഷ്യങ്ങൾ**

- അംഗങ്ങൾക്ക് അവരുടെ പൂർവ്വ വിദ്യാലയമായ എം. എസ്. എം കോളേജുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക.
- അംഗങ്ങൾക്ക് പരസ്പരസൗഹൃദം പുതുക്കുന്നതിനുള്ള ഒരു വേദിയായി പ്രവർത്തിക്കുക.
- സാമ്പത്തിക പിന്നാക്ക അവസ്ഥയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക.
- വിദ്യാഭ്യാസ- വിദ്യാഭ്യാസേതര പുരോഗമന പ്രവർത്തനങ്ങളിൽ കോളേജിന്റെ പ്രവർത്തനങ്ങളെ മാറി വരുന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിൽ പങ്കാളികളാകുക.
- സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ളതും സഹായം വേണ്ടുന്നതുമായ അംഗങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ സാമ്പത്തിക - സാമ്പത്തികേതര സഹായം നൽകുക.
- റാങ്ക് ഹോൾഡേഴ്സ്, വിവിധ മേഖലകളിലെ പ്രതിഭകൾ എന്നിവരെ ആദരിക്കുക.
- കലാലയത്തിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. ഐവി |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

**മെമ്പർഷിപ്പ്**

- കായംകുളം എം. എസ്. എം കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾക്കായിരിക്കും സംഘടനയിൽ അംഗത്വമുണ്ടായിരിക്കുക.
- സംഘടനയിൽ അംഗങ്ങൾ ആകാൻ ആഗ്രഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ നിശ്ചിത അപേക്ഷാഫോറത്തിൽ അപേക്ഷ സമർപ്പിക്കണം.
- മെമ്പർഷിപ്പ് അനുവദിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്കായിരിക്കും.
- മെമ്പർഷിപ്പ് ഫീസ് തിരികെ നൽകുന്നതല്ല.
- ആജീവനാന്ത അംഗത്വമെന്നും, വാർഷിക അംഗത്വമെന്നും രണ്ട് തരത്തിലുള്ള അംഗത്വമാവും സംഘടനയിൽ ഉണ്ടാവുക.
- ആജീവനാന്ത അംഗത്വഫീസ് അയ്യായിരം രൂപ (Rs.5000/-) ആയിരിക്കും
- വാർഷിക അംഗത്വഫീസ് മുന്നൂറ് രൂപ (Rs.300/-) ആയിരിക്കും
- നിലവിൽ കലാലയത്തിൽ പ്രവർത്തനമനുഷ്ഠിക്കുന്ന പൂർവ്വവിദ്യാർത്ഥികളായ അദ്ധ്യാപകരും അനദ്ധ്യാപകരും നിശ്ചിത അംഗത്വ ഫീസ് കെട്ടുവാൻ ബാദ്ധ്യസ്ഥരാണ്.
- ജനറൽ ബോഡിയുടെ അംഗീകാരത്തോടെ കാലാകാലങ്ങളിൽ മെമ്പർഷിപ്പ് ഫീസ് മാറ്റം വരുത്താവുന്നതാണ്.
- അംഗത്വം കൈമാറ്റം ചെയ്യാൻ അനുവദിക്കുന്നതല്ല.
- കാലാകാലങ്ങളിൽ അംഗത്വം പുതുക്കിയിട്ടുള്ളവർക്കും ആജീവനാന്ത അംഗത്വം ഉള്ളവർക്കും മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു.
- ഓരോ അംഗത്വത്തിനും ഫോട്ടോ പതിച്ച തിരിച്ചറിയൽകാർഡ് ഉണ്ടായിരിക്കുന്നതാണ്.

**ഒരംഗം സംഘടനയിൽ അംഗമല്ലാതായിത്തീരുന്നത്.**

- അംഗത്തിന്റെ മരണത്തെ തുടർന്ന്.
- രാജിവെക്കുന്നതിലൂടെ. ഏതൊരംഗത്തിനും പ്രസിഡന്റിന് രാജിക്കത്ത് നൽകി കൊണ്ട് സ്ഥാനം ഒഴിയാവുന്നതാണ്. പ്രസിഡന്റ് ടി രാജികത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന പക്ഷം രാജി പ്രാബല്യത്തിൽ വരുന്നതുമാണ്.
- ജനറൽബോഡി അംഗീകാരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി പുറത്താക്കുന്നതിലൂടെ.
- അംഗങ്ങളിൽ ആരെങ്കിലും സ്വമേധയാ സംഘടനയിൽ നിന്ന് പുറത്ത് പോവുകയോ, പുറത്താക്കപ്പെടുകയോ ചെയ്താൽ ടി അംഗത്തിന് സംഭവാന ഇനത്തിൽ നൽകിയ പണത്തിലോ സംഘടനയുടെ ആസ്തികളിലോ നിയമപരമായ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ജയന്തകുമാർ. എ<br>പ്രസിഡന്റ് | ഡോ. ദിവ്യ. വി<br>സെക്രട്ടറി | രഞ്ജിത്ത്കുമാർ. വൈ<br>ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

- സംഘടനയുടെ അന്തസിന് കളങ്കം ചാർത്തുന്ന ഏതൊരു അംഗത്തിനും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകുകയും നോട്ടീസ് കൈപ്പറ്റി ഏഴു ദിവസത്തിനകം ഉചിതമായ മറുപടി ലഭിക്കാത്ത പക്ഷം ടി അംഗത്തിനെ ഉപാധികളില്ലാതെ സംഘടനയുടെ ഔദ്യോഗികസ്ഥാനത്ത് നിന്നോ അംഗത്വ ത്തിൽ നിന്നോ നീക്കം ചെയ്യാനോ മറ്റ് അച്ചടക്ക നടപടി സ്വീകരിക്കുവാനോ എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അനുവാദം ഉണ്ടായിരിക്കും.

**ഭരണ നിർവഹണം**

- ജനറൽബോഡിയിൽ നിന്ന് തിരഞ്ഞെടുക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യ്ക്കായിരിക്കും ഭരണ നിർവഹണ ചുമതല.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

- എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരമാവധി അംഗസംഖ്യ 35 ആയിരിക്കും. ഇതിൽ 25 അംഗങ്ങളെയും ജനറൽബോഡി തെരഞ്ഞെടുക്കണം. 5 അംഗങ്ങൾ എക്സ് ഒഫീഷ്യോ അംഗം നാമനിർദ്ദേശം ചെയ്യണം. വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തണം. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ഉണ്ടാവുന്ന ഇടക്കാല ഒഴിവുകൾ പ്രസ്തുത കമ്മിറ്റി തന്നെ നികത്തേണ്ടതാകുന്നു. ഏതെങ്കിലും ഒരു പ്രത്യേക പരിപാടിയുടെയോ, പദ്ധതിയുടെയോ നടത്തിപ്പിനായി ഉപസമിതികളെ ചുമതലപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. കൃത്യമായ കാരണം രേഖാമൂലം സെക്രട്ടറിയെ അറിയിക്കാതെ തുടർച്ചയായി 5 തവണ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പങ്കെടുക്കാത്ത അംഗത്തെ പുറത്താക്കാനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഉണ്ടായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കലോ മറ്റ് അത്യാവശ്യസന്ദർഭങ്ങളിലോ കൂടിയിരിക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നതിന് കുറഞ്ഞത് അഞ്ച് ദിവസം മുൻപെങ്കിലും അംഗങ്ങൾക്ക് അറിയിപ്പ് കൊടുക്കണം. 6 മാസത്തിൽ ഒരിക്കൽ ഏതെങ്കിലും കാരണത്താൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടാതിരുന്നാൽ ക്വാറത്തിന് തുല്യമായ അംഗങ്ങൾ രേഖാമൂലെ ആവശ്യപ്പെടുന്ന തനുസരിച്ച് 15 ദിവസങ്ങൾക്കകം സെക്രട്ടറി കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി 3 വർഷമായിരിക്കും.

**ക്വാറം**

- എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നതിനായുള്ള ക്വാറം 1/3 ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കണം.

**രക്ഷാധികാരി**

- കോളേജ് ഗവേണിംഗ് ബോഡി ചെയർമാൻ ആയിരിക്കും രക്ഷാധികാരി. സംഘടനയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും സമയാസമയങ്ങളിൽ നൽകുക എന്നുള്ളത് രക്ഷാധികാരിയുടെ ഉത്തരവാദിത്വമായിരിക്കും.

| | | |
|---|---|---|
| ജയന്തകുമാർ. എ<br>പ്രസിഡന്റ് | ഡോ. ദിവ്യ. വി<br>സെക്രട്ടറി | രഞ്ജിത്ത്കുമാർ. വൈ<br>ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

**എക്സ് ഒഫിഷ്യോ അംഗം**

- പ്രിൻസിപ്പൽ കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ അംഗം ആയിരിക്കും.

**പ്രസിഡന്റ്**

- എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഒരംഗമാണ് സംഘടനയുടെ പ്രസിഡന്റ്.

**വൈസ്പ്രസിഡന്റ്**

- എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന 5 പേർ വരെ വൈസ് പ്രസിഡന്റുമാർ ആകാം. അതിൽ ഒരാൾ നിർബന്ധമായും വനിത ആയിരിക്കണം.

**സെക്രട്ടറി**

- എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന പൂർവ്വ വിദ്യാർത്ഥിയായ കോളേജ് അധ്യാപകൻ/ അധ്യാപിക ആയിരിക്കും സംഘടനയുടെ സെക്രട്ടറി. പൂർവ്വ വിദ്യാർത്ഥിയായ കോളേജ് അധ്യാപകൻ/ അധ്യാപികയുടെ അഭാവത്തിൽ ഈ സംഘടനയിൽ അംഗമായ ബിരുദധാരിയായ ഏതൊരു എക്സിക്യൂട്ടീവ് അംഗത്തിനും സെക്രട്ടറി ആകാവുന്നതാണ്.

**ജോയിന്റ് സെക്രട്ടറി**

- എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുക്കുന്ന 5 പൂർവ്വവിദ്യാർത്ഥികൾ വരെ ജോയിന്റ് സെക്രട്ടറിമാരായിരിക്കും. ഒരാൾ നിർബന്ധമായും, ഈ കോളേജിൽ സേവനമനുഷ്ഠിക്കുന്ന പൂർവ്വ വിദ്യാർത്ഥിയായ അധ്യാപകൻ/ അധ്യാപിക ആയിരിക്കണം. സെക്രട്ടറിയോ, ജോയിന്റ് സെക്രട്ടറിമാരിൽ ഒരാളോ നിർബന്ധമായും വനിത ആയിരിക്കണം.

**ട്രഷറർ**

- എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന പൂർവ്വ വിദ്യാർത്ഥിയായ കോളേജ് അധ്യാപകൻ/ അധ്യാപിക ആയിരിക്കും സംഘടനയുടെ ട്രഷറർ. പൂർവ്വ വിദ്യാർത്ഥിയായ കോളേജ് അധ്യാപകൻ/ അധ്യാപികയുടെ അഭാവത്തിൽ ഈ സംഘടനയിൽ അംഗമായ ബിരുദധാരിയായ ഏതൊരു എക്സിക്യൂട്ടീവ് അംഗത്തിനും ട്രഷറർ ആകാവുന്നതാണ്.

**റിട്ടേണിംഗ് ഓഫീസർ**

- സംഘടനയിലെ ഏറ്റവും മുതിർന്ന ബിരുദധാരിയിരിക്കും റിട്ടേണിംഗ് ആഫീസർ.

**തിരഞ്ഞെടുപ്പ്**

- നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് ജനറൽബോഡി വിളിച്ചു കൂട്ടി വേണം പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കാൻ. തിരഞ്ഞെടുപ്പ് നടത്തുന്നതിനായി റിട്ടേണിംഗ് ഓഫീസറെ എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരപ്പെടുത്തുന്നതും, ടി ആളുടെ പേരു വിവരങ്ങൾ മുൻകൂട്ടി അംഗങ്ങളെ

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. വൈ |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

അറിയിക്കേണ്ടതുമാണ്. നാമനിർദ്ദേശിക പത്രികയിലൂടെ മാത്രമേ തിരഞ്ഞെടുപ്പ് നടത്താവൂ. ഒരു സ്ഥാനത്തേക്ക് നിശ്ചിത എണ്ണത്തിലധികം നാമനിർദ്ദേശക പത്രിക ലഭിക്കുന്ന പക്ഷം രഹസ്യ ബാലറ്റിലൂടെ വേണം അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ..

തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി 3 വർഷമായിരിക്കും. എന്നാൽ തുടർന്നുള്ള തിരഞ്ഞെടുപ്പ് പ്രായോഗികമല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 2/3 അംഗങ്ങളുടെ പിന്തുണയോടുകൂടി പ്രമേയം പാസാക്കികൊണ്ട് കമ്മിറ്റിയുടെ കാലാവധി 6 മാസത്തേക്കു കൂടി നീട്ടി നൽകാവുന്നതാണ്. തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ കാലാവധി 6 മാസത്തിൽ കൂടുതൽ ഉണ്ടായിരിക്കെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഏതെങ്കിലും ഒരു സ്ഥാനം ഒഴിവു വരുന്ന പക്ഷം ടി സ്ഥാനത്തേക്ക് നാമനിർദ്ദേശം വഴി നികത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റ്/ സെക്രട്ടറി/ ട്രഷറർ സ്ഥാനത്തേക്ക് ഒഴിവു വരികയാണെങ്കിൽ ടി സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കമ്മിറ്റി നിർദ്ദേശിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗത്തിന് ടി സ്ഥാനം വഹിക്കാവുന്നതാണ്.

**അധികാരങ്ങളും ഉത്തരവാദിത്വങ്ങളും**

- കാലാകാലങ്ങളിൽ എക്സിക്യൂട്ടീവ് കമ്മറ്റിയെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന ഔദ്യോഗികഭാരവാഹികൾ ആ നിലയിൽ പ്രവർത്തിക്കേണ്ടതാകുന്നു.

**പ്രസിഡന്റ്**

1. സംഘടനയുടെ പ്രവർത്തനങ്ങളിൽ പൊതുവായ മേൽനോട്ടം പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.
2. സംഘടനയുടെ ജനറൽബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അധ്യക്ഷൻ പ്രസിഡന്റായിരിക്കും.
3. സംഘടനയ്ക്കുവേണ്ടിയുള്ള എല്ലാ പ്രമാണങ്ങളും റെക്കാർഡുകളും ബാങ്ക് രേഖകളും പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ട്രഷററിന്റെയും പേരിൽ ആയിരിക്കും.

**വൈസ്പ്രസിഡന്റ്**

1. സംഘടനയുടെ പ്രവർത്തനങ്ങളിൽ പ്രസിഡന്റിന് ആവശ്യമായ സഹായങ്ങൾ നൽകുക വൈസ്പ്രസിഡന്റിന്റെ ചുമതലയാണ്.
2. പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും ജനറൽബോഡിയുടെയും അധ്യക്ഷത വഹിക്കേണ്ടത് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന വൈസ് പ്രസിഡന്റുമാരിൽ ഒരാൾ ആകുന്നു.
3. ഭരണസമിതി നൽകുന്ന മറ്റ് ചുമതലകൾ നിർവഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. വൈ |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

**സെക്രട്ടറി**

1. സംഘടനയുടെ ഔദ്യോഗിക വക്താവും മുഖ്യ പ്രയോക്താവും സെക്രട്ടറി ആയിരിക്കും.
2. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസരിച്ചായിരിക്കും സെക്രട്ടറി പ്രവർത്തിക്കേണ്ടത്.
3. പ്രസിഡന്റുമായി ആലോചിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ജനറൽബോഡിയും വിളിച്ച് കൂട്ടുന്നത് സെക്രട്ടറിയാകുന്നു.
4. ഒരു അംഗത്വ രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടുന്നതും ആവശ്യമുള്ള സന്ദർഭത്തിൽ അവരുമായി ആശയവിനിമയം നടത്തേണ്ടതാകുന്നു.
5. ജനറൽ ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും മിനിട്ട്സ് സെക്രട്ടറി സൂക്ഷിക്കേണ്ടതാകുന്നു.
6. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ പോയവർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങളുടെ ചുരുക്കം ജനറൽബോഡിയിൽഅവതരിപ്പിക്കേണ്ടുന്ന ചുമതല സെക്രട്ടറിയുടെതാണ്.
7. അത്യാവശ്യകാര്യങ്ങളുടെ നടത്തിപ്പിലേക്ക് പരമാവധി 5000/- രൂപ സെക്രട്ടറി പണമായി കയ്യിൽ സൂക്ഷിക്കാവുന്നതാണ്.
8. സംഘടനയുടെ ആവശ്യമുള്ള ഔദ്യോഗിക രേഖകളും, സീലും സകല റെക്കോർഡുകളും സൂക്ഷിക്കുക. ജനറൽബോഡികളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയോഗങ്ങളുടെയും മിനിട്സുകൾ എഴുതി സൂക്ഷിക്കുക. സംഘടനയെ സംബന്ധിച്ച് സകല എഴുത്ത് കുത്തുകളും നടത്തുക.

**ജോയിന്റ്സെക്രട്ടറി**

1. സെക്രട്ടറിയുടെ പ്രവർത്തനങ്ങളിൽ ജോയിന്റ് സെക്രട്ടറി സെക്രട്ടറിയെ സഹായിക്കുക.
2. സെക്രട്ടറിയുടെ അസാന്നിദ്ധ്യത്തിൽ എല്ലാ ഉത്തരവാദിത്വങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തിയ ജോയിന്റ് സെക്രട്ടറി നിർവ്വഹിക്കുക.
3. ഭരണസമിതി നൽകുന്ന മറ്റ് ചുമതലകൾ നിർവഹിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക.

**ട്രഷറർ**

1. സംഘടനയ്ക്ക് വന്നു ചേരേണ്ട തുകകൾ പിരിച്ചെടുക്കുക ട്രഷററുടെ ചുമതലയാണ്.
2. എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ട്രഷറർ അക്കൗണ്ട്സിന്റെയും ക്യാഷ് ബാലൻസിന്റെയും കണക്കുകളും രേഖകളും അവതരിപ്പിക്കേണ്ടതാകുന്നു.

ജയന്തകുമാർ. എ
പ്രസിഡന്റ്

ഡോ. ദിവ്യ. വി
സെക്രട്ടറി

രഞ്ജിത്ത്കുമാർ. വൈ
ട്രഷറർ

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

3. സെക്രട്ടറിയുടെ അനുവാദത്തോടെ ചെക്കുകൾ തയ്യാറാക്കുക. രസീതുകൾ സൂക്ഷിക്കുക എന്നിവ ട്രഷററുടെ ചുമതലയായിരിക്കും.

4. 5000 രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ കൈമാറ്റങ്ങൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടാകേണ്ടതാണ്.

5. സംഘടനയുടെ എല്ലാവിധ വരവ് ചെലവ് കണക്കുകളും പാസ് ബുക്ക്, ചെക്ക് ബുക്ക്, എന്നിവ ട്രഷറർ സൂക്ഷിക്കേണ്ടതും അവ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ ബോഡിയിലും അവതരിപ്പിക്കേണ്ടതുമാകുന്നു.

6. ശേഖരിക്കപ്പെടുന്ന ഏതൊരു തുകയ്ക്കും രസീത് കൊടുക്കുന്നതോടൊപ്പം ചിലവാക്കപ്പെടുന്ന തുകയുടെ വൗച്ചറുകൾ സൂക്ഷിക്കേണ്ടതും ട്രഷററുടെ ചുമതലയാകുന്നു.

## പി. ആർ. ഒ

1. എക്സിക്യൂട്ടീവ് അംഗങ്ങളിൽ ഒരാൾ പി. ആർ ഒ യുടെ ചുമതല വഹിക്കേണ്ടതാണ്. സംഘടനാ പ്രവർത്തനങ്ങൾ അംഗങ്ങളുമായും, പൊതുജനങ്ങളുമായും ദൃശ്യ, ശ്രവ്യ, അച്ചടി, നവമാധ്യമങ്ങളുമായും ആശയവിനിമയം നടത്തുക.

## പ്രവർത്തന ഫണ്ട്

സംഘടനയുടെ വരുമാനം താഴെ പറയുന്ന മാർഗങ്ങളിലൂടെ ശേഖരിക്കാവുന്നതാണ്.

- അംഗത്വ ഫീസ്
- പൊതു പരിപാടികൾ നടത്തുന്നതിലൂടെ ലഭിക്കുന്ന അധികവരുമാനം.
- സംഭാവന
- സർക്കാർ/ സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന സബ്സിഡികളും ഗ്രാന്റുകളും

## ബാങ്ക് അക്കൗണ്ട്

1. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സംഘടനയുടെ പേരിൽ അക്കൗണ്ട് രൂപീകരിക്കുകയും സംഘടനയുടെ എല്ലാ സാമ്പത്തിക വിനിയോഗങ്ങളും പ്രസ്തുത അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാകുന്നു.

2. പ്രസിഡന്റ്/സെക്രട്ടറി/ട്രഷറർ എന്നിവ സംയുക്ത പേരിലുള്ളതുമായിരിക്കണം അക്കൗണ്ട്. ഇവരിൽ രണ്ടുപേർ ഒപ്പിട്ടായിരിക്കണം ചെക്കുകൾ നൽകേണ്ടത്.

## ഓഡിറ്റ്

1 എക്സിക്യൂട്ടീവ് കമ്മിറ്റി നിയോഗിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് വാർഷിക ഓഡിറ്റ് നടത്തിയിരിക്കണം.

| | | |
|---|---|---|
| ജയന്തകുമാർ. എ | ഡോ. ദിവ്യ. വി | രഞ്ജിത്ത്കുമാർ. വൈ |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

2. ട്രഷററും മറ്റ് രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന ഇന്റേണൽ ഓഡിറ്റ് 6 മാസത്തിലൊരിക്കൽ നടത്തണം.

3. എക്സറ്റേണൽ ഓഡിറ്റ് – ജനറൽബോഡിയിൽ നിന്നും 3 പേർ അടങ്ങുന്ന എക്സറ്റേണൽ ഓഡിറ്റ് വർഷത്തിൽ നടത്തണം.

**ജനറൽബോഡി**

- വർഷത്തിലൊരിക്കൽ ജനറൽ ബോഡി മീറ്റിംഗ് കൂടേണ്ടതാകുന്നു.
- സംഘടനയുടെ ഓഫീസിലും കുറഞ്ഞത് 3 മുഖ്യധാരാപത്രങ്ങളിലും സോഷ്യൽ മീഡിയായിലും ജനറൽ ബോഡിയെ സംബന്ധിച്ച് അറിയിപ്പ് കൊടുക്കേണ്ടതാണ്.
- 15 ദിവസത്തിന് മുൻപായി അംഗങ്ങളെ ജനറൽബോഡി മീറ്റിംഗ് വിവരം അറിയിക്കണം.

**നിയമാവലിയുടെ ഭേദഗതികൾ**

- നിയമാവലി വരുത്തേണ്ടുന്ന ഭേദഗതികൾ ജനറൽ ബോഡിക്ക് 10 ദിവസം മുൻപ് രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
- ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടാൽ സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ച് ചേർത്ത് ആ ഭേദഗതികൾ ചർച്ച ചെയ്യേണ്ടതാണ്.
- ഭേദഗതികൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന പക്ഷം അവ ജനറൽ ബോഡിയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഭേദഗതികൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം ഭേദഗതി നിർദ്ദേശിച്ച അംഗത്തെ രേഖാമൂലം അറിയിക്കേണ്ടതാണ്.
- നിർദ്ദേശിക്കപ്പെട്ട ഭേദഗതി അംഗീകരിക്കാൻ ഹാജരായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്.

**പൊതുയോഗം**

- വാർഷിക അംഗത്വം കാലാകലങ്ങളിൽ പുതുക്കിയവർക്കും, ആജീവനന്ത അംഗത്വം ഉള്ളവർക്കും മാത്രമേ ജനറൽബോഡിയിൽ പങ്കെടുക്കുവാനും വോട്ട് രേഖപ്പെടുത്തുവാനും കഴിയുകയുള്ളു.
- ജനറൽ ബോഡിയുടെ ക്വാറം 50 അംഗങ്ങൾ ആയിരിക്കും.
- ഏതെങ്കിലും സാഹചര്യത്തിൽ ജനറൽ ബോഡിക്ക് ക്വാറം തികയാതിരിക്കുകയും തന്മൂലം യോഗം കൂടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊട്ടടുത്ത ജനറൽ ബോഡിക്ക് ക്വാറം ബാധകമായിരിക്കുന്നതല്ല.

| | | |
|---|---|---|
| ജയന്തകുമാർ. എ<br>പ്രസിഡന്റ് | ഡോ. ദിവ്യ. വി<br>സെക്രട്ടറി | രഞ്ജിത്ത്കുമാർ. വൈ<br>ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

**സംഘടന ആസ്തി**

- സംഘടനയുടെ വകയായ സ്ഥാവരജംഗമ വസ്തുക്കൾ ആ സംഘടനയുടെ അതതുകാലങ്ങളിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തൽക്കാലത്തേക്ക് നിക്ഷിപ്തമായിരിക്കുന്നതാണ്. സംഘടനയ്ക്ക് വേണ്ടി വാങ്ങുന്ന വസ്തു വകകൾ അതതുകാലത്തെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ കൂട്ടായ പേരിൽ വാങ്ങേണ്ടുന്നതാണ്.

**സംഘത്തിൽ സൂക്ഷിക്കേണ്ട റിക്കാർഡുകൾ**

- രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
- നിയമാവലി
- മിനിട്സ് ബുക്ക്
- അംഗങ്ങളുടെ പേരും വിലാസവും തൊഴിലും അംഗമായി ചേരുന്ന തീയതിയും രേഖപ്പെടുത്തിയ അംഗത്വ രജിസ്റ്റർ
- സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച ശരിയായ കണക്കുകൾ രേഖപ്പെടുത്തിയ ബുക്കുകൾ.
- സംഘത്തിന്റെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് വിശദമായി രേഖപ്പെടുത്തുന്നതിനുള്ള അക്കൗണ്ട് ബുക്കുകൾ
- രസീത് ബുക്കുകൾ
- പ്രവർത്തന റിപ്പോർട്ടുകൾ
- സംഘത്തിന് വേണ്ടുന്നതായ മറ്റു റിക്കാർഡുകൾ.

**മറ്റുള്ളവ**

- കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾക്കും നടപടിക്രമങ്ങൾക്കും ഭരണനിർവഹണത്തിനും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**സംഘടന പിരിച്ചുവിടൽ**

- സംഘടനയുടെ അംഗങ്ങളിൽ 3/4 ഭാഗത്തിൽ കുറയാത്ത അംഗങ്ങൾ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടുന്ന പക്ഷം 1955 ലെ 12 -മത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്റ്റിന് വിധേയമായി സംഘടനയുടെ സകല കടബാധ്യതകളും കൊടുത്ത് തീർത്ത ശേഷം അവശേഷിക്കുന്ന സ്വത്ത് കോളേജിന് കൈമാറേണ്ടതാണ്. അല്ലാതെ അംഗങ്ങൾക്ക് ഇടയിൽ വീതിച്ചെടുക്കാൻ പാടില്ലാത്തതാണ്.

1955 ലെ 12-മത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്റ്റിലെ എല്ലാവ്യവസ്ഥകളും ഈ സംഘടനയ്ക്ക് ബാധകമായിരിക്കും.

| | | |
|---|---|---|
| ജയന്തകുമാർ. എ<br>പ്രസിഡന്റ് | ഡോ. ദിവ്യ. വി<br>സെക്രട്ടറി | രഞ്ജിത്ത്കുമാർ. വൈ<br>ട്രഷറർ |

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

From

ഡോ.ദിവ്യ. വി (സെക്രട്ടറി)
എം.എസ്.എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന
എം.എസ്.എം കോളേജ്, കായംകുളം
ഫോൺ . 9495149315
**E- mail : alumni@msmcollege.in**

To

ജില്ലാ രജിസ്ട്രാർ (ജനറൽ)
ആലപ്പുഴ.

സർ,

**Reg.No. ALP/TC/293/2023** നമ്പരായി രജിസ്റ്റർ ചെയ്ത്തു തന്നിട്ടുള്ള ഞങ്ങളുടെ സംഘടനയുടെ 14/06/2023 ൽ കൂടിയ പൊതുയോഗം അംഗീകരിച്ച 2023- 2024 ലെ ഭരണസമിതി ലിസ്റ്റും ഈ സംഘടനയുടെ ആസ്ഥാന ലിസ്റ്റും ഇന്നേ ദിവസം സമക്ഷത്തിൽ സമർപ്പിക്കുന്നു.ഇത് ഫയൽ ചെയ്യുന്നതിന് താൽപ്പെര്യപ്പെടുന്നു

വിശ്വസ്തതയോടെ

കായംകുളം
06.07.2023

ഡോ. ദിവ്യ. വി (സെക്രട്ടറി)

M.S.M COLLEGE POORVA VIDYARTHI SANGHADANA
MAASMARAM
Reg NO: ALP/TC/293/2023
KAYAMKULAM-690502

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

## എം.എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന

### എം. എസ്.എം. കോളേജ്, കായംകുളം, ആലപ്പുഴ– 690502

### Reg.No. ALP/TC/293/2023

### 14.06.2023ൽ കൂടിയ പൊതുയോഗത്തിൽ തിരഞ്ഞെടുത്ത് പുതിയ ഭാരവാഹികൾ

| ക്രമ. നം | പേരും മേൽവിലാസവും | സ്ഥാനം |
|---|---|---|
| 1 | ജയന്തകുമാർ.എ<br>അമൃതേശ്വരി<br>പ്രയാർ നോർത്ത്<br>പുതുപ്പള്ളി (പാർട്ട്)<br>ആലപ്പുഴ, കേരളം–690547 | പ്രസിഡന്റ് |
| 2. | ഡോ. ദിവ്യ.വി<br>മന്ദാരം<br>വെസ്റ്റ് ഫോർട്ട്<br>മാവേലിക്കര<br>ആലപ്പുഴ, കേരളം–690101 | സെക്രട്ടറി |
| 3. | ഡോ.ആമിന. എസ്<br>സലിം മൻസിൽ<br>ക്രസന്റ് നഗർ,വടക്കേവിള<br>കൊല്ലം– 10, കേരളം | വൈസ് പ്രസിഡന്റ് |
| 4. | ശ്രീജി. ജെ<br>വേലിയിൽ ഹൗസ്<br>വവ്വാക്കാവ്. പി.ഒ<br>കരുനാഗപ്പള്ളി<br>കുലശേഖര പുരം<br>ക്ലാപ്പന,കൊല്ലം<br>കേരളം – 690528 | വൈസ് പ്രസിഡന്റ് |
| 5. | എ. നസീർ<br>തഴയശ്ശേരിൽ തറയിൽ<br>ചിറക്കടവം,.<br>കായംകുളം.പി.ഒ,<br>ആലപ്പുഴ – 690502 | ജോയിന്റ് സെക്രട്ടറി |
| 6. | രാജേഷ് കമ്മത്ത്<br>കണ്ടത്തിൽ പറമ്പ്<br>എസ്. വി വാർഡ്<br>കായംകുളം.പി.ഒ<br>കായംകുളം, ആലപ്പുഴ<br>പിൻ– 690502 | ജോയിന്റ് സെക്രട്ടറി |

M.S.M. COLLEGE POORVA VIDYARTHI SANGHADANA
MaaSmaraM
Reg NO: ALP/TC/293/2023
KAYAMKULAM-690502

ജയന്തകുമാർ.എ
പ്രസിഡന്റ്
ആധാർ നം.3251 9094 8351

ഡോ. ദിവ്യ. വി
സെക്രട്ടറി
ആധാർനം. 9796 5698 0250

രഞ്ജിത്ത്കുമാർ. വൈ
ട്രഷറർ
ആധാർ നം. 7913 2018 7583

Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)

## എം.എസ്. എം കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന

എം. എസ്.എം. കോളേജ്, കായംകുളം, ആലപ്പുഴ– 690502

**Reg.No. ALP/TC/293/2023**

| ക്രമ. നം | പേരും മേൽവിലാസവും | സ്ഥാനം |
|---|---|---|
| 7 | നിഷാദ്. റ്റി<br>പുളിമൂട്ടിൽ തെക്കതിൽ<br>നിയർ ഫയർ സ്റ്റേഷൻ<br>കായംകുളം, ആലപ്പുഴ<br>പിൻ– 690502 | ജോയിന്റ് സെക്രട്ടറി |
| 8. | രഞ്ജിത്ത് കുമാർ. വൈ<br>പെരുമേത്ത്,<br>പത്തിയൂർ വെസ്റ്റ്<br>കരീലകുളങ്ങര. പി.ഒ<br>ആലപ്പുഴ– 690572 | ട്രഷറർ |
| 9. | എം ഷെരീഫ്<br>കല്ലുംമൂട്ടിൽ ഹൗസ്<br>കല്ലുംമൂട്, കായംകുളം. | എക്സിക്യൂട്ടീവ് അംഗം |
| 10 | Dr. P.R.ഉണ്ണികൃഷ്ണപിള്ള<br>പല്ലേത്തുവീട്<br>കണ്ടല്ലൂർ നോർത്ത്,<br>പട്ടോളി മാർക്കറ്റ്,<br>ആലപ്പുഴ – 690531 | എക്സിക്യൂട്ടീവ് അംഗം |
| 11. | ബിജു ജോസഫ്<br>താശിയിൽ അമൽവില്ല<br>ചിറക്കടവം<br>കായംകുളം. പി.ഒ<br>കീരിക്കാട് പാർട്ട്<br>ആലപ്പുഴ– 690502 | എക്സിക്യൂട്ടീവ്അംഗം |
| 12. | നവാസ്. എച്ച്<br>പുളിമൂട്ടിൽ<br>ബാസാർ റോഡ്<br>കായംകുളം. പി.ഒ<br>കീരിക്കാട് പാർട്ട്<br>ആലപ്പുഴ– 690502 | എക്സിക്യൂട്ടീവ് അംഗം |

| ജയന്തകുമാർ.എ<br>പ്രസിഡന്റ്<br>ആധാർ നം.3251 9094 8351 | ഡോ. ദിവ്യ. വി<br>സെക്രട്ടറി<br>ആധാർനം. 9796 5698 0250 | രഞ്ജിത്ത്കുമാർ. വൈ<br>ട്രഷറർ<br>ആധാർ നം. 7913 2018 7583 |
|---|---|---|

eSign
Signed by: Muhammed Thaha A
Reason: NAAC SSR DOCUMENT
Location: Kayamkulam
Date: 21-Aug-2024 (11:53 AM)